LIBRARY ARCHIVES Kerala Legislative Assembly

അധോലോക സംഘങ്ങളുടെ അക്രമങ്ങൾ

48 [49] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്ത് അധോലോക സംഘങ്ങളുടെ അക്രമഫലമായി എത്രപേർ മരണ മടഞ്ഞിട്ടുണ്ട്;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) ഇതുസംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) ഏതെല്ലാം കേസുകളിൽപ്പെട്ട പ്രതികളെയാണ് ഇനിയും അറസ്റ്റ് ചെയ്യാനുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അധോലോക സംഘങ്ങളുടെ അക്രമപ്രവർത്തനങ്ങൾ ഉണ്ടായിട്ടില്ല. എന്നാൽ സംഘടിത കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് ആക്രമണങ്ങൾ നടത്തി യതിന്റെ ഫലമായി 11 പേർ കൊല ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) എറണാകുളം	..	5
തിരുവനന്തപുരം	..	2
തൃശ്ശൂർ	..	4
ആകെ	..	11

(സി) 10 കേസുകൾ. (തിരുവനന്തപുരം ജില്ലയിലെ അക്രമസംഭവത്തിൽ രണ്ടുപേർ മരിക്കുകയും ഒരു കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു.)

(ഡി) തിരുവനന്തപുരം, കഴക്കൂട്ടം ക്രൈം 329/03, എറണാകുളം ഹിൽപാലസ് പി. എസ്. ക്രൈം 330/03, അങ്കമാലി പി. എസ്. ക്രൈം 471/02 എന്നീ കേസുകളിലായി 6 പ്രതികളെ അറസ്റ്റു ചെയ്യാനുണ്ട്.